# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4936

04-07-2012 ൽ മറുപടിക്ക്

## പുതുതായി എക്സൈസ് റേഞ്ച് ഓഫീസുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി കെ.കെ.ലതിക : | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും, തുറമുഖവും, എക്സൈസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് പുതുതായി എക്സൈസ് റേഞ്ച് ഓഫീസുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ;<br><br>ബി) ഉണ്ടെങ്കിൽ എവിടെയൊക്കെയാണ് ആരംഭിക്കുക എന്ന് വ്യക്തമാക്കുമോ ; | എ) യും ബി) യും | സംസ്ഥാനത്ത് പുതുതായി എക്സൈസ് റേഞ്ച് ഓഫീസുകൾ ആരംഭിക്കുവാൻ ഉദ്ദേശമുണ്ടെങ്കിലും, പുതുതായി എക്സൈസ് റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് യാതൊരു മാനദണ്ഡങ്ങളും നിലവിലില്ലാത്ത സാഹചര്യത്തിൽ പൊതുമാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. |
| സി) സംസ്ഥാനത്ത് ഏതൊക്കെ സ്ഥലങ്ങളിലാണ് എക്സൈസ് റേഞ്ച് ഓഫീസുകൾ ആരംഭിക്കുന്നതിന് ആവശ്യം ഉയർന്നു വന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | സി) | ചുവടെ പറയുന്ന സ്ഥലങ്ങളിൽ എക്സൈസ് റേഞ്ച് ഓഫീസുകൾ സ്ഥാപിക്കണമെന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ട്.<br>1. വെള്ളരിക്കുണ്ട്, മഞ്ചേശ്വരം (കാസർഗോഡ് ജില്ല)<br>2. പുൽപ്പള്ളി, വാളാട്, മേപ്പാടി (വയനാട് ജില്ല)<br>3. ചെറുപുഴ (കണ്ണൂർ ജില്ല)<br>4. കാഞ്ഞൂര് (എറണാകുളം ജില്ല)<br>5. എരുമേലി (കോട്ടയം ജില്ല)<br>6. കലവൂർ (ആലപ്പുഴ ജില്ല)<br>7. വെള്ളറട, നേമം (തിരുവനന്തപുരം ജില്ല)<br>8. കാവിലുംപാറ (കോഴിക്കോട് ജില്ല)<br><br>ഇവ കൂടാതെ, ഇടുക്കി ജില്ലയിലെ ഉടുമ്പന്നൂർ, രാജാക്കാട്, ഉപ്പുതറ, മുരിക്കാശ്ശേരി എന്നിവിടങ്ങളിൽ എക്സൈസ് റേഞ്ച് ഓഫീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ